വിലയ്ക്ക് നൽകുകയും സൗജന്യമായി വിത്തു നൽകുകയും മറ്റും പരമാവധി സഹായം നൽകുന്നുണ്ട്. കഴിഞ്ഞവർഷം 40,657 രൂപയുടെ കുമ്മായവസ്തുക്കൾ നൽകി. ഈ ആഗസ്റ്റിൽ സൗജന്യമായി ആവശ്യമുള്ള നെൽവിത്തു കൊടുത്തു. ഇതെല്ലാം താൽക്കാലിക ആനുകൂല്യങ്ങളാണ്. കരിനിലകൃഷിക്കാരുടെ പ്രശ്നങ്ങൾക്ക് സ്ഥായിയായ പരിഹാരം കണ്ടെത്താൻ ബഹുമാനപ്പെട്ട ദിനകരനും മറ്റ് തദ്ദേശനേതാക്കളും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുമായി ഞാൻ ചർച്ച ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഈ പ്രദേശം ഒരു പ്രത്യേകമേഖലയാക്കി പ്രഖ്യാപിക്കണമെന്ന ആവശ്യവും മറ്റു സംരക്ഷണങ്ങളും കൊടുക്കണമെന്ന കാര്യവും ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്.

## (8) ആലപ്പുഴയിലെ കമ്മ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടി ജില്ലാകമ്മിറ്റി ഓഫീസ് റെയിഡ് ചെയ്ത സംഭവം

ശ്രീ. വി. കേശവൻ: സർ, കഴിഞ്ഞ 17-ാം തീയതി ചൊവ്വാഴ്ച വെളുപ്പിന് നാലു മണിക്ക് സായുധരായ പോലീസുകാർ അവിടത്തെ സബ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ കമ്മ്യൂണിസ്റ്റു മാർക്സിസ്റ്റു പാർട്ടിയുടെ ആലപ്പുഴ ജില്ലാകമ്മിറ്റി ഓഫീസിൽ കടന്നുകയറി അവിടെയുണ്ടായിരുന്ന ആളുകളെ ഭീഷണിപ്പെടുത്തുകയും റെയിഡ് നടത്താൻ എന്ന ഭാവത്തിൽ കടന്നുകയറി അതിക്രമം കാണിക്കുകയും ചെയ്തു. സംഭവം അറിഞ്ഞ് ഞാൻ സ്ഥലത്തു പോയി അന്വേഷിച്ചു. 17-ാം തീയതി വെളുപ്പിന് നാലുമണിയ്ക്കാണ് ഈ സംഭവമുണ്ടായത്. കമ്മ്യൂണിസ്റ്റു മാർക്സിസ്റ്റു പാർട്ടിയുടെ ഓഫീസ് റെയിഡ് ചെയ്യാൻ വന്നിരുന്ന ആ പോലീസ് ഉദ്യോഗസ്ഥൻമാരോട് പാർട്ടിയുടെ നേതാവായ ശ്രീ. പി.കെ. ചന്ദ്രൻ ചോദിച്ചു, സർച്ച് വാറണ്ടോ മറ്റു നടപടികളോ വല്ലതുമുണ്ടോ എന്ന്. ഒന്നുമില്ല എന്നു പറഞ്ഞു. അവർ പറയുന്നത് മുകളിലുള്ള നിർദ്ദേശമനുസരിച്ചാണെന്നാണ്. ഞാൻ സ്ഥലത്തുപോയി അന്വേഷിച്ചതിൽ എസ്.ഡി. കോളേജ് യൂണിയൻ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് അവിടെ എസ്.എഫ്.ഐ. വിദ്യാർത്ഥിയും കെ. എസ്. യു. വിദ്യാർത്ഥികളും തമ്മിൽ എന്തോ വാക്കുതർക്കമുണ്ടായി എന്നാണ്. അവിടെ 13-ാം തീയതി ജയിച്ച എസ്.എഫ്.ഐ. വിദ്യാർത്ഥികൾ വിജയാഘോഷയാത്ര നടത്തിയതിനെതിരെ കെ.എസ്.യു.ക്കാർ കല്ലേറ് നടത്തി. ബൈജു, ബാബു എന്നീ രണ്ടു വിദ്യാർത്ഥികൾക്ക് പരിക്കേറ്റു. ആ ജാഥയോടൊപ്പമുണ്ടായിരുന്ന പോലീസുകാരുടെ സാന്നിദ്ധ്യത്തിലാണ് കല്ലേറുണ്ടായത്. പോലീസുകാരാണ് അവരെ കൊണ്ടുപോയി ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തത്. അതിനു ശേഷം 16-ാം തീയതി കോളേജിലെത്തിയ കെ.എസ്.യു.ക്കാർ അവിടത്തെ പ്രിൻസിപ്പലിന്റെ ഓഫീസിൽ കയറി അദ്ദേഹത്തെ വളഞ്ഞുവയ്ക്കുകയും ഓഫീസ് ഉപകരണങ്ങൾ തല്ലിത്തകർക്കുകയും ചെയ്തു. ടെലിഫോൺ, ഹാഫ്ഡോർ, കസേരകൾ മുതലായവ തല്ലിത്തകർത്ത് അവിടെ ആക്രമണം നടത്തി. കെ.എസ്.യു. വിന്റെ പ്രതീക്ഷയ്ക്ക് വിരുദ്ധമായി എസ്.എഫ്.ഐ. ജയിച്ചതിന്റെ ഫലമായി പ്രിൻസിപ്പാളിനെ ആക്രമിക്കുന്ന നടപടി ശരിയാണോ? ഇതിനുശേഷം എസ്.എഫ്.ഐ. യിൽപ്പെട്ട ഒരു വിദ്യാർത്ഥിയെ ആക്രമിച്ചു. ഇതുസംബന്ധിച്ച് വിദ്യാർത്ഥികൾ തമ്മിൽ ഉരസലു

LIBRARY ARCHIVES Kerala Legislative Assembly

കളുണ്ടായി. ഇതിന്റെ പേരിൽ പോലീസ് കമ്മ്യൂണിസ്റ്റു മാർക്സിസ്റ്റുപാർട്ടിയുടെ ഓഫീസിൽ അനധികൃതമായി കയറി അതിക്രമം കാണിച്ച ഈ നടപടി ആഭ്യന്തരവകുപ്പുമന്ത്രിയുടെ നിർദ്ദേശമനുസരിച്ച് ചെയ്തതാണെന്നാണ് പറയുന്നത്. അങ്ങനെയാണെങ്കിൽ അത് വ്യക്തമാക്കണം. ഇല്ലെങ്കിൽ അത്തരം നടപടിക്കെതിരായിട്ട് ശക്തമായ നടപടി സ്വീകരിക്കണം. അവിടെയൂണിവേഴ്സിറ്റി കൗൺസിലറായി തെരഞ്ഞെടുക്കപ്പെട്ട ആഞ്ചലോസ് എന്ന എസ്.എഫ്.ഐ. നേതാവ് ഉൾപ്പെടെയുള്ളവർക്കെതിരെ 307–ാം വകുപ്പനുസരിച്ച് കേസ് എടുത്തിരിക്കുകയാണ്. വിദ്യാർത്ഥികളെ വേട്ടയാടപ്പെട്ടിരിക്കുകയാണ്. ആ കേസ് പിൻവലിക്കണം. തോന്ന്യാസത്തിനെതിരെ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

ആഭ്യന്തരവകുപ്പു മന്ത്രി (ശ്രീ. വയലാർരവി): സർ, ശ്രീ. കേശവന്റെ സബ്മിഷൻ വന്ന അവസരത്തിൽ മാത്രമാണ് പാർട്ടിഓഫീസ് കയ്യേറിയ വിവരം ഞാൻ അറിഞ്ഞത്. ഞാൻ അന്വേഷിക്കുകയുണ്ടായി. ശ്രീ. കേശവൻ അവിടത്തെ കാര്യങ്ങൾ പറഞ്ഞതുകൊണ്ട് ബാക്കി കാര്യങ്ങൾ പറയാതിരിക്കാൻ നിവൃത്തിയില്ല. അവിടെ കോളേജ് തെരഞ്ഞെടുപ്പിനുശേഷം ജാഥനടത്തിയ ആളുകൾ ഡി.സി.സി. ഓഫീസിന്റെ മുമ്പിൽ വന്ന് നിന്ന് ഡി.സി.സി. ഓഫീസിൽ കല്ലേറ് നടത്തുകയുണ്ടായി. അപ്പോൾ പരസ്പരം സംഘട്ടനമുണ്ടായി, പോലീസിനെ പറഞ്ഞുവിട്ടു. സി.പി.ഐ. ഓഫീസിന്റെ തൊട്ടുമുന്നിൽതന്നെയാണ് ഡി.സി.സി. ഓഫീസ്. ഡി.സി.സി. ഓഫീസ് വരെ കല്ലേറു നടത്തി. ജാഥയായിപോയി കെ.എസ്.യു.ക്കാരുമായി മുല്ലയ്ക്കൽ ജംഗ്ഷനിൽവച്ച് തർക്കമുണ്ടായി. പോലീസ് രണ്ടുകൂട്ടരേയും ഓടിച്ചുവിടുകയുണ്ടായി. അതിനുശേഷം 16–ാം തീയതി കോളേജിൽവന്നു. അവിടെ സംഘട്ടനമുണ്ടാകുമെന്ന് വിചാരിച്ച് കോളേജിനുപുറത്ത് പോലീസ് ബന്തവസ്സുണ്ടായിരുന്നു. എന്നിട്ടും കോളേജിനകത്ത് ഉച്ചയ്ക്കുശേഷം കെ.എസ്.യു. വിദ്യാർത്ഥികളെ ഇരുമ്പുവടി, സൈക്കിൾ ചെയിൻ എന്നിവകൊണ്ടടിച്ചു. ഇപ്പോഴും എട്ടു പേർ ആശുപത്രിയിലാണ്, എട്ടു കെ.എസ്.യു. വിദ്യാർത്ഥികളും ഇപ്പോഴും ആശുപത്രിയിൽ കിടക്കുമ്പോഴാണ് ശ്രീ. കേശവൻ പറയുന്നത് ഒന്നും ഉണ്ടായിട്ടില്ലെന്ന്. അതിനുശേഷം അന്നു രാത്രി സ്വാഭാവികമായും വിദ്യാർത്ഥി സംഘട്ടനം പടരാതിരിക്കാൻ കൂടുതൽ വിദ്യാർത്ഥികളെ അന്വേഷിക്കുകയുണ്ടായി. പ്രതികളെ അന്വേഷിച്ചു, അവർ രക്ഷപ്പെട്ടുപോയി. ആ അന്വേഷണത്തിനിടയിൽ വെളുപ്പാൻകാലത്ത് മാർക്സിസ്റ്റുപാർട്ടിയുടെ ഓഫീസിനകത്ത് കയറി എന്നുള്ളത് ശരിയാണ്. അതിനെക്കുറിച്ച് അന്വേഷിക്കുകയുണ്ടായി. അത് പ്രതികളെ കണ്ടുപിടിക്കാനാണ്. വിദ്യാർത്ഥികൾ തമ്മിലുള്ള സംഘട്ടനം ഒഴിവാക്കുന്നതിനുള്ള നടപടികളാണ് ഗവൺമെന്റ് സാധാരണ സ്വീകരിക്കാറുള്ളത്. വിദ്യാർത്ഥികൾ തമ്മിൽ സംഘട്ടനമുണ്ടാകാതിരിക്കാൻ എല്ലാ രാഷ്ട്രീയപാർട്ടികളും ഒരുപോലെ സഹകരിക്കണം. ഇങ്ങനെ സംഘട്ടനമുണ്ടാക്കാൻ പ്രേരിപ്പിക്കാതിരിക്കുകയും അതിന് സഹായകരമായ നടപടികൾ സ്വീകരിക്കുകയും വേണം. അത് ചെയ്യാതെ സംഘട്ടനം നടത്തിയ ആളുകളെ ഒരു രാഷ്ട്രീയപാർട്ടിയും സംരക്ഷിക്കാൻ ശ്രമിക്കുന്നത് ശരിയല്ല. അത് വീണ്ടും കൂടുതൽ അപകടമുണ്ടാക്കും. ഒരു രാഷ്ട്രീയപാർട്ടിയുടെ ഓഫീസിലും പോലീസ്



LIBRARY ARCHIVES Kerala Legislative Assembly

കൂടക്കാൻ പാടില്ല എന്നുള്ളതാണ് ഗവൺമെന്റിന്റെ സമീപനം. അതിന് വീണ്ടും വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

## (9) തൃശൂരിലെ ഹിന്ദുസ്ഥാൻ ഫൗണ്ടറി പ്രോഡക്ട്സിലെ തൊഴിൽ സമരം.

ശ്രീ. കെ.പി. പ്രഭാകരൻ: സർ, തൃശൂരിൽ പൂത്തോളിലുള്ള ഒരു എഞ്ചിനീയറിംഗ് ഫാക്ടറിയായ ഹിന്ദുസ്ഥാൻ ഫൗണ്ടറി പ്രോഡക്ടിലെ തൊഴിലാളികൾ ഈ കഴിഞ്ഞ . ആഗസ്റ്റ് 26-ാം തീയതി മുതൽ പണിമുടക്കിലാണ്. കഴിഞ്ഞവർഷം $24\frac{1}{4}$ ശതമാനം ബോണസ് കൊടുത്ത സ്ഥാനത്ത് ഈ വർഷം ഓണത്തിന് മിനിമം ബോണസിൽ കൂടുതൽ കൊടുക്കുകയില്ല എന്നു ശഠിച്ചതിനെത്തുടർന്നാണ് പണിമുടക്കാരംഭിച്ചത്. ആ പണിമുടക്ക് അനിശ്ചിതമായി നീണ്ടു പോയ സാഹചര്യത്തിൽ ഈ കഴിഞ്ഞ 16-ാം തീയതി മുതൽ അവിടത്തെ തൊഴിലാളികൾ സത്യാഗ്രഹമനുഷ്ഠിച്ചു. ഈ കമ്പനിയുടെ ഒരു സെയിൽസ് ഓഫീസ് തൃശൂർ ടൗണിൽ മയിലിപ്പാടം റോഡിലുണ്ട്. ആ സെയിൽസ് ഓഫീസിന്റെ മുമ്പിൽ 16-ാം തീയതി മുതൽ സത്യാഗ്രഹമാരംഭിച്ചു. 17-ാം തീയതി സത്യാഗ്രഹം രണ്ടാം ദിവസം തുടർന്നപ്പോൾ അന്ന് സത്യാഗ്രഹമനുഷ്ഠിച്ചിരുന്ന പത്തു തൊഴിലാളികളെ ടൗൺ ഈസ്റ്റ് പോലീസ് അറസ്റ്റു ചെയ്ത് സ്റ്റേഷനിൽ കൊണ്ടുവന്നു. സ്റ്റേഷനിൽ കൊണ്ടുവരുമ്പോൾ ആ കമ്പനിയുടെ ഉടമ കരാഞ്ചിറ ആലപ്പാട് ലോനപ്പൻ സ്റ്റേഷനിൽ ഇരിക്കുകയായിരുന്നു. ആ കമ്പനി ഉടമയുടെ നേരിട്ടുള്ള നിർദ്ദേശാനുസരണം സത്യാഗ്രഹമനുഷ്ഠിച്ച തൊഴിലാളികളുടെ പേരിൽ കൃത്രിമമായി കേസ് ചാർജ് ചെയ്ത് അവരെ കോടതിയിൽ ഹാജരാക്കി. ഇന്ന് അവർക്ക് കോടതിയിൽനിന്നും ജാമ്യമെടുക്കേണ്ടിവന്നിരിക്കുകയാണ്. തികച്ചും തൊഴിലാളിപ്രശ്നത്തിന്റെ അടിസ്ഥാനത്തിൽ നടന്ന സമരം അതും സമാധാനപരമായി സത്യാഗ്രഹം നടത്താൻപോലും അനുവദിച്ചില്ല. ഇതിലൊക്കെ പോലീസ് ഇടപെടുക എന്നുള്ള ഈ നടപടിക്രമം തികച്ചും അപമാനകരമാണ്, ആക്ഷേപകരമാണ്. ഈ നടപടി തുടരാൻ അനുവദിക്കരുത്. പോലീസ് ഇത്തരം തൊഴിൽ തർക്കങ്ങളിൽ ഇടപെടുന്നതിന് ഒരു അറുതിയുണ്ടാക്കണം.

ആഭ്യന്തരവകുപ്പു മന്ത്രി (ശ്രീ. വയലാർരവി): സർ, അതും ഞാൻ അന്വേഷിക്കുകയുണ്ടായി. ശ്രീ. കെ.പി. പ്രഭാകരൻ പറഞ്ഞത് ഹിന്ദുസ്ഥാൻ ഫൗണ്ടറിയിലെ സമരത്തെക്കുറിച്ചാണ്. ആ ഫാക്ടറി അടച്ചിട്ടിരിക്കുകയാണെന്നാണ് കിട്ടിയ വിവരം. എന്നാൽ അദ്ദേഹത്തിന്റെ ഭാര്യയുടെ പേരിൽ കുറെ ദൂരെ ഹിന്ദുസ്ഥാൻ സെയിൽസ് ഏജൻസ് പോർട്ട് കമ്പനി എന്നു പറഞ്ഞ് വേറൊരു കമ്പനിയുണ്ട്. അവിടെ പോയി ആ കമ്പനി പിക്കറിംഗ് നടത്തിയവരെ മാത്രമാണ് നീക്കം ചെയ്തിട്ടുള്ളതെന്നാണ് വിവരം കിട്ടിയിട്ടുള്ളത്. ഈ തൊഴിൽ സമരം പൊളിക്കുന്നതിനുവേണ്ടിയുള്ള ശ്രമമായിരുന്നില്ല. പക്ഷേ പിക്കറിംഗ് ചെയ്തതിന്റെ പേരിൽ അറസ്റ്റ് ചെയ്ത് പെറ്റി കേസ് എടുത്തിട്ടുണ്ടെന്നാണ് അറിഞ്ഞിട്ടുള്ളത്. സത്യാഗ്രഹത്തിന്റെ പേരിലാണ് അറസ്റ്റ് ചെയ്തതെങ്കിൽ ഞാൻ അന്വേഷിക്കാം. സത്യാഗ്രഹത്തിന്റെ പേരിൽ അറസ്റ്റുചെയ്യാൻ പാടില്ല. അങ്ങനെയാണെങ്കിൽ അന്വേഷിക്കാം.

LIBRARY ARCHIVES Kerala Legislative Assembly